# വട്ടവടയിലെ വിശേഷങ്ങൾ

സത്യൻ കോനാട്ട്

മൂന്നാറിൽ നിന്നും 40. കി. മീറ്റർ അകലെ സമുദ്രനിരപ്പിൽ നിന്നും 6500 അടി ഉയരത്തിൽ മലകളുടെ മടിത്തട്ടിൽ മയങ്ങുന്ന അതിർത്തിഗ്രാമം 'വട്ടവട'.

ഇന്ത്യയിലെ ആദ്യത്തെ വ്യവഹാര വിമുക്ത ഗ്രാമപഞ്ചായത്തായ ഇവിടം തമിഴ് വംശജരുടെ അധിവാസകേന്ദ്രം കൂടിയാണ്.

ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് തമിഴ്നാട്ടിൽ നിന്ന് കുടിയേറിയവരാണ് ഇവിടുത്തെ ആദ്യകാല കുടിയേറ്റക്കാർ.

കഞ്ചാവ് കൃഷിക്ക് പേരുകേട്ട കമ്പക്കല്ലിന് സമീപം സ്ഥിതി ചെയ്യുന്ന ഈ ഗ്രാമത്തിന്റെ അതിർത്തി പകുതിയിലധികവും തമിഴ്നാടുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ഊട്ടിയോടും കൊടൈക്കനാലിനോടും കിടപിടിക്കുന്ന ആകർഷകമായ കാഴ്ചകൾ വട്ടവടയെ സമ്പന്നമാക്കുന്നു.

ശീതകാല പച്ചക്കറികൃഷികളുടെ വിളഭൂമിയാണ് വട്ടവട. കാരറ്റ്, ബീറ്റ്റൂട്ട്, ഉരുളക്കിഴങ്ങ്, വെളുത്തുള്ളി, ബീൻസ്, കാബേജ്, കോളീഫ്ലവർ, കടുക് എന്നിവയ്ക്കു പുറമേ പ്ലം-സ്റ്റോബറി-സബർ-ജീൻ, ഓറഞ്ച്,ആപ്പിൾ എന്നീ പഴവർഗ്ഗങ്ങൾക്കും അനുയോജ്യമായ മണ്ണാണ് ഇവിടെയുള്ളത്.

യൂക്കാലിപ്പും ഗ്രാന്റീസും വൻതോതിൽ കൃഷിചെയ്യപ്പെട്ടുന്നത്- മൂടൽമഞ്ഞും കൊടുംതണുപ്പുമൊക്കെ അനുഭവപ്പെടുന്ന മഴനിഴൽപ്രദേശമായ വട്ടവടയുടെ ദുരന്തഭാവിയ്ക്ക് കാരണമാകുന്നു.

വൻകിടക്കാരുടെ ഇത്തരം കടന്നുകയറ്റങ്ങളിൽ നിസ്സഹായരായ ഗ്രാമീണർ തങ്ങളുടെ കൃഷിയിടങ്ങളിൽ നട്ടുനനച്ചു വളർത്തുന്ന പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും നാമമാത്രമായ വിലപോലും ലഭിക്കാതെ വലയുകയുമാണ്.

കോവിലൂർ, വട്ടവട, കൊട്ടാകമ്പൂർ എന്നി വില്ലേജുകളാണ് വട്ടവട പഞ്ചായത്തിലുള്ളത്. സ്വാമിയാർകുടി, ഉടലാൾകുടി, കീഴെവത്സപ്പെട്ടി, മേലേവത്സപ്പെട്ടി തുടങ്ങിയ ആദിവാസി കുടികളാണ് വട്ടവടയിൽ ഉള്ളത്.

സാങ്കേതിക വിദ്യാലയം, ആശുപത്രി, കോളേജ് എന്നിവ വട്ടവടക്കാർക്ക് ഇന്നും അന്യമാണ്.

വൈദ്യുതി എത്തിനോക്കിയിട്ടില്ലാത്ത ഗ്രാമത്തിൽ സോളാർ വിളക്കുകൾ ചിലയിടങ്ങളിൽ മാത്രം വെളിച്ചം നൽകുന്നുണ്ട്.



വട്ടവടയിലെ 'കുടി'കളുടെ പൊതുസ്വഭാവം പരിമിതികളുടെ നടുവിലെ ഗ്രാമപശ്ചാത്തലം ശ്രദ്ധിച്ചാൽ തിരിച്ചറിയുവാൻ കഴിയും.

മനുഷ്യരും മൃഗങ്ങളും ഒക്കെ കൂടിക്കുഴഞ്ഞ് കഴിയുന്ന വൃത്തിഹീനവും പരിമിതവുമായ പാർപ്പിടങ്ങൾ.മരക്കമ്പുകൾ പാകി കുഴമണ്ണു പൂശി മിനുക്കിയ കുടുസ്സുമാടങ്ങൾക്കിനി എന്നാണ് ഒരു നവോത്ഥാനമുണ്ടാകുക?അഴുക്കുചാലുകളില്ലാത്ത മാലിന്യങ്ങൾ നിറഞ്ഞ ഇവിടുത്തെ അന്തരീക്ഷം പലപ്പോഴും പകർച്ചവ്യാധികൾക്ക് കാരണമാകാറുണ്ട്.

കാപട്യമില്ലാത്ത ഗ്രാമീണരുടെ രണ്ടായിരത്തോളം കുടുംബങ്ങളിലെ ആറായിരത്തോളം ജീവിതങ്ങൾക്ക് കരി പൂശാൻ കഞ്ചാവ് ലോബികളും കാട്ടാളതുല്യരായ വനംകൈയ്യേറ്റക്കാരും അതിക്രമിച്ചെത്താറുണ്ട്.

കേരളത്തിന്റെ വിവിധ മാർക്കറ്റുകളിൽ നിന്നും ഇവിടെയെത്തുന്ന പച്ചക്കറി വ്യാപാരികളും കർഷകരെ കബളിപ്പിക്കുന്നു.

മലമുകളിലെ ഫലഭൂയിഷ്ഠമായ മണ്ണിൽ തട്ടുതട്ടായി വെട്ടിയൊരുക്കി സുഗന്ധം വിളയിക്കുന്ന ഈ സ്വപ്നഭൂമി ഇന്ന് നാടിന്റെ നാനാഭാഗങ്ങളിൽ നിന്നുമെത്തുന്ന അറിവുള്ളവർ ചുളുവില നൽകി വാങ്ങി കഞ്ചാവ് കൃഷിയിടങ്ങളാക്കി വട്ടവടയുടെ ഹൃദയത്തിൽ വേലികളിടുന്നു.

തമിഴ്നാട്ടിൽ നിന്ന് വീശിയടിക്കുന്ന ഉഷ്ണക്കാറ്റിൽ നിന്നും കൃഷികളെ സംരക്ഷിക്കുന്നത് ഇവിടുത്തെ മലനിരകളാണ്. മലകളാൽ ചുറ്റപ്പെട്ട വട്ടവടയുടെ സുവർണ്ണകാലത്തിന് ഇനിയും കാത്തിരിക്കണം.